Rediffusion/Edelman

**Publication:** Metro Vartha
**Date:** 05/10/2013
**Edition:** Kochi
**Page no.:** 07
**Headline:** TCS IT Wiz Quiz: Eroor Bhavans Vidya Mandir and Kakkanad Bhavans Adarsha win

# ടിസിഎസ് ഐടി വിസ് ക്വിസ്: എരൂർ ഭവൻസ് വിദ്യാമന്ദിറും കാക്കനാട് ഭവൻസ് ആദർശയും വിജയികൾ

കൊച്ചി

ടാറ്റാ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ എരൂർ ഭവൻസ് വിദ്യാമന്ദിറിലെ എസ്. സച്ചിൻ, അഭിജിത് മേനോൻ സഖ്യം വിജയികളായി. കാക്കനാട് ഭവൻസ് ആദർശവിദ്യാലയത്തിലെ കാർത്തിക് ഗണപതി-വാസുദേവ് ചക്രവർത്തി സഖ്യത്തിനാണ് രണ്ടാം സ്ഥാനം.

ഇന്ത്യയിലെ ഏറ്റവും വലിയ ഇന്റർ സ്കൂൾ ഐടി ക്വിസ് മത്സരമാണ് ടിസിഎസ് ഐടി വിസ്. കൊച്ചിക്ക് പുറമേ ആലപ്പുഴ, ആലുവ, കോഴിക്കോട്, ഗുരുവായൂർ, ഇടുക്കി, ഇരിങ്ങാലക്കുട, കാസർഗോഡ്, കണ്ണൂർ, കൊല്ലം, കോട്ടയം, മലപ്പുറം, മൂന്നാർ, പാലക്കാട്, പത്തനംതിട്ട, തിരുവല്ല, തൃശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നുള്ള സ്കൂളുകളിൽ നിന്നായി 1600ൽ അധികം കുട്ടികൾ മത്സരത്തിൽ പങ്കെടുക്കാനെത്തി. വിജയികൾക്കു പുറമെ പൈങ്ങോട്ടൂർ സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിലെ ബ്രിട്ടോ സാബു, കെവിൻ ജോർജ്, തൃശൂർ ഹരിശ്രീ വിദ്യാനിധിയിലെ ഹരിശങ്കർ പ്രദീപ്, ശ്യാം കെ. പിഷാരടി, തിരുവനന്തപുരം ലൊയോള സ്കൂളിലെ ഹരി നായർ, ആർ. സച്ചിൻ, തൃശൂർ ഭവൻസ് വിദ്യാമന്ദിറിലെ അഖിലേഷ് ബാലകൃഷ്ണൻ, ജെ. സമീർ എന്നിവരാണ് ഫൈനലിലെത്തിയ ടീമുകൾ.

ക്വിസിലെ ഒന്നാം സ്ഥാനക്കാർക്ക് ഐപാഡും, രണ്ടാം സ്ഥാനക്കാർക്ക് ഗാലക്സി ടാബ്‌ലെറ്റും സമ്മാനമായി ലഭിച്ചു. ദേശീയ തലത്തിൽ നടക്കുന്ന സ്മാർട്ട് ടെക് വിസാർഡ് 2013 മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയ ടീമുകൾ കേരളത്തെ പ്രതിനിധീകരിക്കും.

വിജയികൾക്ക് കേരള സംസ്ഥാന പ്ലാനിങ് ബോർഡംഗം ജി. വിജയരാഘവനും, ടാറ്റാ കൺസൾട്ടൻസി കൊച്ചി സെന്റർ മേധാവി സന്തോഷ് സി. കുറുപ്പും സമ്മാനങ്ങൾ വിതരണം ചെയ്തു.

സ്മാർട്ട് ടെക് വിസാർഡിനെ കണ്ടെത്തുന്നതിനുള്ള ഈ വർഷത്തെ ടിസിഎസ് ഐടി വിസ് ക്വിസ് മത്സരം രാജ്യത്തെങ്ങുമായി 14 കേന്ദ്രങ്ങളിലാണ് സംഘടിപ്പിക്കുന്നത്. അഹമ്മദാബാദ്, ബംഗളൂരു, ഭുവനേശ്വർ, ചെന്നൈ, കോയമ്പത്തൂർ, ഡൽഹി, ഹൈദരാബാദ്, ഇൻഡോർ, കൊച്ചി, കൊൽക്കൊത്ത, ലക്നോ, മുംബൈ, നാഗ്പൂർ, പൂന എന്നിവിടങ്ങളിലായിരുന്നു മത്സരങ്ങൾ. യുഎഇ എഡിഷൻ മത്സരത്തിലെ വിജയികളും മെഗാ ഫൈനലിൽ പങ്കെടുക്കും.



*ടാറ്റാ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ വിജയികളായ എരൂർ ഭവൻസ് വിദ്യാമന്ദിറിലെ എസ്. സച്ചിൻ, അഭിജിത് മേനോൻ എന്നിവർ സംസ്ഥാന പ്ലാനിങ് ബോർഡംഗം ജി. വിജയരാഘവനിൽ നിന്നും ട്രോഫി സ്വീകരിക്കുന്നു. ടിസിഎസ് കൊച്ചി സെന്റർ മേധാവി സന്തോഷ് സി. കുറുപ്പ്, ടിസിഎസ് വൈസ് പ്രസിഡന്റ് സുധീർ വാരിയർ, ക്വിസ് മാസ്റ്റർ ഗിരി ബാലസുബ്രഹ്മണ്യം എന്നിവർ സമീപം.*